- അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം നേരിടുകയോ, മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം.
- അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.
- അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ ചികിത്സാസഹായം.
- വനിതാംഗത്തിനും അംഗങ്ങളുടെ ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായം.
- കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാംഗങ്ങൾക്ക് പ്രസവാനുകൂല്യം.
- മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള വിദ്യാഭ്യാസ ഗ്രാന്റ്.

പ്രവാസി മലയാളികൾ

72 (3356) ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് ഗ്രമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ കൃത്യമായ വിവരശേഖരണം ഇല്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനത്തിനും അവർക്കായുള്ള പുനരധിവാസ പദ്ധതികൾ കാര്യക്ഷമായ രീതിയിൽ ആസൂത്രണം ചെയ്യുന്നതിനുമായി നോർക്ക വകുപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി ചേർന്ന് പ്രവാസി മലയാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.

തീവ്രവാദ ഭീഷണിയെത്തുടർന്ന് കേരളത്തിലേയ്ക്ക് തിരിച്ചുവന്ന നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പ

73 (3357) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തീവ്രവാദ ഭീക്ഷണിയെ തുടർന്ന് കേരളത്തിലേക്ക് തിരിച്ചു വന്ന നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പയിൽ ഇളവുകൾ നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര കലാപത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെയെത്തിയ മലയാളി നഴ്സുമാരുടെ പുനരധിവാസവും വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിത്തള്ളണമെന്നുള്ള ആവശ്യവും ബാങ്കുകളുടെ യോഗത്തിൽ (State Level Banker's Committee) ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലീഡ് ബാങ്കായ കാനറാ ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS)-ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് ഈ വിഭാഗത്തിലുള്ളവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 4 ലക്ഷം രൂപ വരെ കാനറാ ബാങ്കിൽനിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ എന്ന നിലയിൽ കാനറാ ബാങ്ക് മറ്റ് ബാങ്കുകളോടും ഇത്തരത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ്

74 (3358) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സവിശേഷതകളാണ് പ്രസ്തുത പദ്ധതിക്കുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിന്റെ അർഹതാ മാനദണ്ഡം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന